**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1917** — **20-06-2024 - ൽ മറുപടിയ്ക്ക്**

**എല്ലാവർക്കും വ്യായാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി കെ പ്രശാന്ത്** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ഐ.എസ്.എസ്.കെ. യുടെ തുടർച്ചയായി രൂപം നൽകിയിട്ടുള്ള പദ്ധതികളുടെ വിശദാംശം അറിയിക്കാമോ; | (എ) | കായിക രംഗത്ത് ആഗോള പങ്കാളിത്തവും നിക്ഷേപവും ലക്ഷ്യമിട്ട്, കേരളത്തിലെ കായികലോകത്തിന് പുത്തനുണർവും ദിശാബോധവും നൽകിക്കൊണ്ട് 2024 ജനുവരി 23 മുതൽ 26 വരെ കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ അന്താരാഷ്ട്ര കായിക ഉച്ചകോടി സംഘടിപ്പിച്ചു. അടിസ്ഥാന സൗകര്യ വികസനം, കായിക പരിശീലനം, ഇ-സ്പോർട്സ്, സ്പോർട്സ് ലീഗ്, കായിക മേഖലയുമായി ബന്ധപ്പെട്ട എൻഡ് ടു എൻഡ് വെബ് പ്ലാറ്റ്ഫോം, സാഹസിക കായിക വിനോദം/മോട്ടോർ സ്പോർട്സ്, സ്പോർട്സ് ടൂറിസം തുടങ്ങിയ മേഖലകളിൽ നിന്നുള്ള പദ്ധതികളാണ് സമ്മിറ്റിൽ അവതരിപ്പിക്കപ്പെട്ടത്.<br>അടിസ്ഥാന സൗകര്യ വികസന മേഖലയിൽ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിനോടൊപ്പം തന്നെ നൂതനമായ ഫിറ്റ്നസ് സെന്ററുകൾ സ്ഥാപിക്കുന്നതിനും പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ട്.<br><br>ഫുഡ്ബോൾ പ്രതിഭകളെ കണ്ടെത്താനും പരിശീലനം നല്കുവാനും ഖേലോ ഇന്ത്യ ഫുഡ്ബോൾ മുഖേന 14 ജില്ലകളിൽ സെലക്ഷൻ നടത്തുവാനും പരിശീലനം ഉറപ്പു വരുത്താനും തീരുമാനമായി. കൂടാതെ RBS-മായി ചേർന്ന് റയൽ മാഡ്രിഡ് ഫൗണ്ടേഷനുമായി സഹകരിച്ച് 'Train the Trainers' പ്രോഗ്രാം, അതുപോലെ കേരളത്തിലെ സ്പോർട്സ് സ്കൂളിലെ കുട്ടികളെ Childrens World Cup-ൽ പങ്കെടുപ്പിക്കുവാനും ധാരണയായിട്ടുണ്ട്. KCA, Score line തുടങ്ങിയവ മുന്നോട്ടുവച്ച പദ്ധതികൾ സംബന്ധിച്ച പരിശോധനകൾ പുരോഗമിക്കുന്നുണ്ട്. GCDA-യുമായി ചേർന്ന് കൊച്ചിയിൽ അവരുടെ കീഴിലുള്ള സ്ഥലങ്ങൾ സ്പോർട്സ് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റിന് കരാർ അടിസ്ഥാനത്തിൽ നല്കാനുള്ള ചർച്ചകൾ പുരോഗമിക്കുന്നു. NBF |

| | | | |
|---|---|---|---|
| | | | ഫിറ്റ്നസ് അക്കാഡമി വഴി കേരളത്തിലെ പഞ്ചായത്തുകളിൽ, കോളേജുകളിൽ മോഡേൺ ഫിറ്റ്നസ് ബോക്സുകൾ സ്ഥാപിക്കുന്നതിനുള്ള MoU ഒപ്പിടുന്നതിനുള്ള അവസാന ഘട്ടമാണ്. ഒപ്പം 10 ഇടങ്ങളിൽ പൈലറ്റ് സ്റ്റഡി നടത്താൻ തീരുമാനമായി.<br><br>ലെജൻസ് ഫൗണ്ടേഷൻ വഴി കേരളത്തിൽ 3 centre of Excelence in Basketball തുടങ്ങാനുള്ള ചർച്ചകൾ പുരോഗമിക്കുന്നു. സോഷ്യൽ ക്ലബ്ബുമായി ചേർന്ന് 140 നിയോജക മണ്ഡലങ്ങളിൽ ഒരു സ്കൂൾ വീതം ഹെൽത്തി കിഡ്സ് തുടങ്ങാൻ തീരുമാനമായി. ഒരു യൂണിറ്റിന് ഏതാണ്ട് 7 ലക്ഷം രൂപയോളം ചിലവു വരുന്ന പദ്ധതിയാണിത്.<br><br>Decathlon മായി ചേർന്ന്, സംസ്ഥാനത്തെ 70 സ്കൂളുകളിൽ Games-ന് ആവശ്യമായ ഉപകരണങ്ങൾ നൽകാൻ ധാരണയായി.<br><br>ഇ-സ്പോർട്സ് മേഖലയിൽ അടിസ്ഥാന സൗകര്യ വികസനം, പരിശീലനം, മത്സരം എന്നിവയ്ക്കായി വിവിധ ഏജൻസികൾ സമർപ്പിച്ച പ്രൊപ്പോസലുകൾ പരിശോധിക്കുകയും നടപ്പ് സാമ്പത്തിക വർഷം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു. കായിക താരങ്ങൾക്ക് കൂടുതൽ അവസരം നൽകുന്നതിനും വാണിജ്യവൽക്കരിക്കുന്നതിനുമായി വിവിധ ലീഗുകൾ ആസൂത്രണം ചെയ്തിട്ടുണ്ട്. കേരള ഫുട്ബോൾ അസോസിയേഷൻ സമ്മിറ്റിൽ കേരള സൂപ്പർ ലീഗ് പ്രഖ്യാപിച്ചിട്ടുണ്ട്. കോളേജ് സ്പോർട്സ് വാണിജ്യവൽക്കരിക്കുക എന്ന ആശയത്തോടെ രൂപം കൊടുത്ത കോളേജ് സ്പോർട്സ് ലീഗ് ഉന്നതവിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>സാഹസിക കായിക വിനോദം/ മോട്ടോർ സ്പോർട്സ്, സ്പോർട്സ് ടൂറിസം തുടങ്ങിയ മേഖലകളിലും കായിക മേഖലയുമായി ബന്ധപ്പെട്ട എൻഡ് ടു എൻഡ് വെബ് പ്ലാറ്റ്ഫോം വികസിപ്പിക്കുന്നതിനുമായി ലഭിച്ച പ്രൊപ്പോസലുകൾ നടപ്പിലാക്കുന്നതിന് വിവിധ ഏജൻസികളുമായി ചർച്ചകൾ നടത്തി വരുന്നു. |
| (ബി) | വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാർ/സ്വകാര്യ സ്ഥാപനങ്ങൾ, റെസിഡന്റ്സ് അസോസിയേഷനുകൾ, അപ്പാർട്ടുമെന്റുകൾ എന്നിവ കേന്ദ്രീകരിച്ച് എല്ലാവർക്കും വ്യായാമം എന്ന പദ്ധതി നടപ്പാക്കുന്ന വിഷയം പരിഗണനയിലുണ്ടോയെന്ന് അറിയിക്കാമോ? | (ബി) | കായിക ക്ഷമതാ മിഷന്റെ ഭാഗമായി ഇത് പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ